# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 514 | 29.11.2018 - ൽ മറുപടിക്ക് |
|---|---|

### നവകേരള നിർമ്മാണത്തിനായി ജി.എസ്.ടി യിൽ സെസ്സ് ഏർപ്പെടുത്തൽ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. വി.പി.സജീന്ദ്രൻ : | | ഡോ.ടി.എം.തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ മന്ത്രി) |
| (എ) | നവകേരള നിർമ്മാണത്തിനായി പണം കണ്ടെത്തുന്നതിന് ജി.എസ്.ടി യിൽ 10 ശതമാനം സെസ്സ് ഏർപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ; | (എ) | നവകേരള നിർമ്മാണത്തിനായി അധിക വിഭവസമാഹരണത്തിനായി എസ്.ജി.എസ്.ടി ക്ക് പുറത്ത് 10% സെസ്സ് ഏർപ്പെടുത്തുന്നതിന് അനുമതി ആവശ്യപ്പെട്ട് കേരളം കേന്ദ്രത്തെ സമീപിച്ചിട്ടുണ്ട്. |
| (ബി) | നിലവിലുള്ള ജി.എസ്.ടി നിയമത്തിൽ സെസ്സ് ഏർപ്പെടുത്തുന്നതിന് നിബന്ധനയുണ്ടോ; | (ബി) | നിലവിലുള്ള ജി.എസ്.ടി നിയമത്തിൽ സെസ്സ് ഏർപ്പെടുത്തുന്നതിനുള്ള വകുപ്പില്ല. സംസ്ഥാനങ്ങൾക്കുണ്ടാകുന്ന നികുതി നഷ്ടം പരിഹരിക്കുന്നതിനായി ജി.എസ്.ടി കോമ്പൻസേഷൻ നിയമപ്രകാരം നോട്ടിഫൈ ചെയ്യുന്ന ചരക്കുകളിലും സേവനത്തിനും മേലും സെസ്സ് പിരിക്കാൻ അധികാരമുണ്ട്. |
| (സി) | ഇല്ലെങ്കിൽ സെസ്സ് ഏർപ്പെടുത്തുന്നതിന് ജി.എസ്.ടി നിയമത്തിൽ ഭേദഗതി വരുത്താൻ സാധിക്കുമോ; | (സി) | ജി.എസ്.ടി കൗൺസിലിന്റെ അനുമതി ലഭ്യമാകുകയാണെങ്കിൽ ജി.എസ്.ടി നിയമത്തിൽ ഭേദഗതി വരുത്തി സെസ്സ് ഏർപ്പെടുത്തുന്നതിനുള്ള നിയമഭേദഗതി കൊണ്ടുവരാവുന്നതാണ്. എന്നാൽ, ഇന്ത്യയൊട്ടുക്ക് വ്യാപാരികൾ ഫയൽ ചെയ്യേണ്ട റിട്ടേണുകളും അടയ്ക്കേണ്ട നികുതിയും ജി.എസ്.ടി.എൻ തയ്യാറാക്കിയ കോമൺ സോഫ്റ്റ് വെയർ പ്രകാരമാണ് നടപ്പിലാക്കി വരുന്നത്. ഇത് ഒരു സംസ്ഥാനത്തിനു മാത്രമായി പരിഷ്കരിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകളുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ഇതു സംബന്ധിച്ച് എന്തെങ്കിലും ചർച്ച ജി.എസ്.ടി കൗൺസിലുമായി നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കൗൺസിൽ എടുത്ത തീരുമാനം എന്താണെന്ന് വിശദീകരിക്കാമോ? | (ഡി) | കേരളത്തിന്റെ ആവശ്യപ്രകാരം, എസ്.ജി.എസ്.ടി ക്കു പുറത്ത് സെസ്സ് ഏർപ്പെടുത്തുന്ന കാര്യം 30-ാം ജി.എസ്.ടി കൗൺസിലിൽ ചർച്ച ചെയ്യുകയും ഇതിനെപ്പറ്റി പഠിച്ച് റിപ്പോർട്ട് നൽകുന്നതിനായി ബീഹാർ ഉപമുഖ്യമന്ത്രി സുശീൽകുമാർ മോഡി അദ്ധ്യക്ഷനായ ഒരു മന്ത്രിതല സമിതി രൂപീകരിച്ച് ഉത്തരവായിട്ടുള്ളതുമാണ്. ഈ കമ്മിറ്റിയിൽ കേരള ധനകാര്യ വകുപ്പ് മന്ത്രിയും മെമ്പറാണ്. ഈ മന്ത്രിതല സമിതി, അതിന്റെ ആദ്യ യോഗം 15/10/2018 ൽ നടത്തുകയുണ്ടായി. ഇതിനെത്തുടർന്ന്, കേരളത്തിന്റെ ആവശ്യത്തോട് എല്ലാ സംസ്ഥാനങ്ങളുടെയും അഭിപ്രായം കേന്ദ്രം ആരാഞ്ഞിട്ടുണ്ട്. സെസ്സിനു പുറമേ സംസ്ഥാനങ്ങൾക്ക് അധിക കടമെടുക്കുന്നതിനുള്ള നിബന്ധനകളിൽ വ്യതിയാനം വരുത്തേണ്ടതുണ്ടോ എന്നതിനുള്ള അഭിപ്രായവും ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ, 14-ാം ധനകാര്യ കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ പ്രളയക്കെടുതികൾക്ക് നൽകുന്ന നഷ്ടപരിഹാരം തിട്ടപ്പെടുത്തുന്നതിലുള്ള മാനദണ്ഡങ്ങളിൽ പരിഷ്കാരം വരുത്തേണ്ടതുണ്ടോയെന്നും ആരാഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ